വിവരാവകാശ നിയമം 2005 പ്രകാരമുള്ള മറുപടി NO-E3 25539/17 (തീയതി 05.08-17) മേൽ അപ്പീൽ അധികാരിക്കു സമർപ്പിക്കുന്ന ആക്ഷേപം.

പ്രേഷിതൻ,

ജയപ്രകാശ് രാജൻ,
ശ്രീവത്സം,
കോട്ടുവൻകോണം,
പൂതക്കുളം, കൊല്ലം (ജില്ല) - 691302.

032065
24 AUG 2017

സ്വീകർത്താവ്,

അപ്പലേറ്റ് അതോറിറ്റി (വിവരാവകാശം)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ
5-ാം നില, തിരുവനന്തപുരം - 695033.

ബഹുമാനപ്പെട്ട സർ,

വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷയുടെ മറുപടി NO-E3/25539/17 മേലുള്ള ആക്ഷേപം.

1. ചോദ്യം നമ്പർ 1(a)ക്കു നൽകിയിരിക്കുന്ന മറുപടിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്ത് regularise ചെയ്യപ്പെടുകയും ഇപ്പോൾ ജോലിയിൽ തുടരുന്നതുമായ സൂപ്പർവൈസേഴ്സിന്റെ എണ്ണം 34 എന്നാണ് നൽകിയിരിക്കുന്നത്. എന്നാൽ വിരമിച്ചവരുടെ ലിസ്റ്റിൽ നിസ്സ R.K, മോളി T.D എന്നിപേരുകൾ നൽകിയിട്ടുണ്ട്. ആയതിനാൽ regularise ചെയ്യപ്പെട്ട് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയ രണ്ടു പേർ വിരമിച്ചതായി കാണുന്നു. ഈ വസ്തുത പരിശോധിച്ച് വ്യക്തത വരുത്തി തരണമെന്നപേക്ഷിക്കുന്നു.

2. ചോദ്യം രണ്ടിന് മറുപടിയായി നൽകിയിരിക്കുന്നത് ഈ വിഭാഗത്തിൽ നിന്ന് 8 പേർ relieving വാങ്ങിയെന്നാണ്. ഇതിൽ വിടുതൽ വാങ്ങിയ Gracy J (Now working as CDPO) കുഞ്ഞന്നാമ്മ മാത്യു (ഉഴവൂർ ICDS) എന്നിപേരുകൾ ഉൾപ്പെട്ട

(മറുപുറം....)

ത്തിയിട്ടില്ല. അതിനാൽ relieving ഒഴിവുകളുടെ കാര്യത്തിൽ വ്യക്തത വരുത്തിത്തരണമെന്നപേക്ഷിക്കുന്നു.

3. ചോദ്യം 3 ന്റെ മറുപടിയിൽ, ദീർഘകാല അവധിയെടുത്ത ജീവനക്കാരുടെ എണ്ണം 13 എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ തന്നിരിക്കുന്ന ലിസ്റ്റിൽ 14 പേരുടെ പേരുവിവരങ്ങൾ തന്നിട്ടുണ്ട്. Long leave ൽ പോയ അനുപമ A.R (കാസർഗോഡ് ICDS) ജിജി ജോർജ്ജ് (അന്തിക്കാട് ICDS) എന്നിവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിലും വ്യക്തത നൽകണമെന്നപേക്ഷിക്കുന്നു.

4. ചോദ്യം 4 ന്റെ മറുപടിയിൽ റനി തോമസ് (ഇടുക്കി ICDS) രാജി വച്ചുവെന്നും, ചോദ്യം 2 ന്റെ മറുപടിയിൽ വിടുതൽ വാങ്ങിയെന്നുമാണ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിലും വ്യക്തത നൽകണമെന്നപേക്ഷിക്കുന്നു.

5. ചോദ്യം 5 ന്റെ മറുപടിയിൽ CDPO ആയ ജന. സൂപ്പർവൈസർമാരുടെ എണ്ണം 42 നു പകരം, 32 എന്നാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായ വിവരമനുസരിച്ച് 2015 ഡിസം. മുതൽ 01-06-2017 വരെ ഈ വിഭാഗത്തിലെ 42 സൂപ്പർവൈസർമാർക്ക് promotion ലഭിച്ചിട്ടുണ്ട്. C.S. ഗീത, P. രഞ്ജിനി, P. അനിത, G.O ശോഭ, റോസമ്മ തോമസ്, A.P. സലീന ബീവി, P. ശശികല, ശോഭനകുമാരി L, സാവിത്രിദേവി K, രേണുക പാറയിൽ, R. സരസ്വതി എന്നിവർക്ക് promotion ലഭിച്ചിട്ടും, ആ വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ വ്യക്തത വരുത്തിത്തരണമെന്നപേക്ഷിക്കുന്നു.

6. ചോദ്യം 8 ന്റെ മറുപടിയിൽ NJD ആയ ജന. സൂപ്പർവൈസർമാരുടെ എണ്ണം 36 എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ ശ്രീജ ഗോപിനാഥ് (വടവുകോട് ICDS), രജിത് T (കാസർഗോഡ് ICDS), ശ്രീജാകുമാരി A (പത്തനാപുരം ICDS), ഐശ്വര്യ V (ദേവികുളം അഡീ.), ബിജിമോൾ C.S (കൊടകര ICDS), അർച്ചന A.R (പള്ളം അഡീ) എന്നീ 6 പേരുടെ

NJD വിവരങ്ങൾ കരട്പടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വസ്തുത പരിശോധിച്ച് വ്യക്തത നൽകണമെന്നപേക്ഷിക്കുന്നു.

6(a) NJD എന്നത് നിയമനങ്ങളുടെ rotation നെ ബാധിക്കുന്നതിനാൽ അത് പ്രത്യേകമായിട്ടുതന്നെയല്ലേ റിപ്പോർട്ട് ചെയ്തിരിക്കുന്നത്, മേൽ സൂചിപ്പിച്ച 6 NJD കളും PSC യ്ക്ക് റിപ്പോർട്ട് ചെയ്ത തിയതിയും പറയൽ നമ്പരും ആവശ്യമാണ്.

7. ഫോറം 9 നമ്പർ കരട്പടിയിൽ ഡിസം. 2015 മുതൽ 01-06-2017 വരെ ജനറൽ വിഭാഗത്തിലുണ്ടായിട്ടുള്ള വിരമിക്കൽ ഒഴിവുകളുടെ എണ്ണം 62 ന് പകരം 65 എന്നാണ് നൽകിയിരിക്കുന്നത്. ഗീത C.S, അനിത.P, ശോഭ G.O, റോസമ്മ തോമസ്, P. ശശികല, ശോഭനകുമാരി. L എന്നീ 6 പേർ CDPO ആയവരാണ്. എന്നാൽ ഇവരെ വിരമിച്ചവരുടെ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ മേൽ സൂചിപ്പിച്ച 65 പേരിൽ നിന്നും, ഈ ആറുപേർ പോയാൽ വിരമിച്ചവരുടെ എണ്ണം 59 മാത്രമാണ്. ജനറൽ വിഭാഗത്തിൽ നിന്ന് വിരമിച്ച സായിറ K (cadre Sl.No: 285) സീന.T (cad.Sl.No-360), ഉമാദേവി M (cad.Sl.No: 29) എന്നീ 3 സൂപ്പർവൈസർമാരെക്കൂടി ഉൾപ്പെടുത്തിയാൽ വിരമിച്ചവരുടെ മൊത്തം എണ്ണം 62 ആണ്. ഇക്കാര്യത്തിലും വ്യക്തത വരുത്തിത്തരണമെന്നപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

പൂതക്കുളം,
19-08-2017.

ജയപ്രകാശ് രഞ്ജൻ

51

# വിവരാവകാശനിയമം -2005 പ്രകാരമുള്ള അപേക്ഷ

പ്രേക്ഷിതൻ

ജയപ്രകാശ് രാജൻ
ശ്രീവത്സം,
കോട്ടൂവർകോണം, പൂതക്കുളം
കൊല്ലം-691 302

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡയറക്ട്രേറ്റ് ഓഫ് സോഷ്യൽ ജസ്റ്റീസ്
5-ാം നില, വികാസ് ഭവൻ
തിരുവനന്തപുരം- 695 033

ബഹുമാനപ്പെട്ട മാഡം/സർ,

വിവരാവകാശനിയമം 2005- പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണ മെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ ജനറൽ വിഭാഗത്തിൽ നിലവിൽ ജോലി നോക്കി വരുന്ന ഐ.സി. ഡി.എസ്. സൂപ്പർവൈസേഴ്സിന്റെ മൊത്തം കേഡർ സ്ട്രങ്ങത്ത് എത്രയാണ്?
    a) ഇതിൽ എത്രപേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും പിന്നീട് റഗുലറൈസ് ചെയ്യപ്പെട്ടവരുമാണ്?
    b) ഫീഡർ വിഭാഗത്തിൽ അധികരിച്ചു നിന്ന എത്ര സൂപ്പർവൈസേഴ്സിനെ ജനറൽ വിഭാഗത്തിന്റെ കേഡർ സ്ട്രങ്ങ്ത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്?
2. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗത്തിൽ നിയമനം കിട്ടിയ എത്ര സൂപ്പർ വൈസേഴ്സിനെ ജോലിയിൽ നിന്ന് റിലീവ് ചെയ്തിട്ടുണ്ട്? അവരുടെ പേര് വിവര ങ്ങൾ ആവശ്യമാണ്.
3. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗത്തിൽ നിയമനം കിട്ടിയ എത്ര സൂപ്പർവൈസേഴ്സ് ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്? ഇവരുടെ പേര് വിവരങ്ങൾ ആവശ്യമാണ്.
    a. ദീർഘകാല അവധിക്ക് ആനുപാതികമായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
    b. ദീർഘകാലഅവധിയെടുത്ത സൂപ്പർവൈസേഴ്സിനെ ഇപ്പോഴത്തെ കേഡർ സ്ട്രങ്ങ്ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

4. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗത്തിൽ നിന്നും എത്ര സൂപ്പർവൈസേഴ്സ് രാജിവച്ച് പോയിട്ടുണ്ട്? അവരുടെ പേര് വിവരങ്ങൾ ആവശ്യമാണ്.
5. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗം ഐ.സി.ഡി.എസ്. സൂപ്പർവൈസേഴ്സിൽ എത്ര പേർക്ക് സി.ഡി.പി.ഒ ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്? അവരുടെ പേര് വിവരങ്ങൾ ആവശ്യമാണ്.
6. 2015 ഡിസംബർ മുതൽ നാളിതുവരെയായി ഫീഡർ വിഭാഗത്തിൽ നിയമനം കിട്ടിയ എത്ര സൂപ്പർവൈസേഴ്സ് വിരമിച്ചിട്ടുണ്ട്?
   a) ഫീഡർ വിഭാഗം ഐ.സി.ഡി.എസ്. സൂപ്പർവൈസേഴ്സിൽ നിന്നും ഡിസംബർ 2015 മുതൽ നാളിതുവരെയായി എത്ര പേർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്?
   b) ഫീഡർ വിഭാഗത്തിലുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസേഴ്സിന്റെ ഇപ്പോഴത്തെ സ്ട്രങ്ങത്ത് എത്രയാണ്?
7. 2015 ഡിസംബർ മുതൽ നാളിതുവരെയായി പത്ത് വർഷം പ്രവർത്തി പരിചയമുള്ള അംഗനവാടി സൂപ്പർവൈസേഴ്സ് എന്ന വിഭാഗത്തിൽ നിന്നും എത്ര വിരമിക്കൽ ഒഴിവുകളും ഉദ്യോഗക്കയറ്റ ഒഴിവുകളും ഉണ്ടായിട്ടുണ്ട്.
   a) മേൽ പ്രസ്താവിച്ച സൂപ്പർവൈസേഴ്സിന്റെ ഇപ്പോഴത്തെ കേഡർ സ്ട്രങ്ങത്ത് എത്രയാണ്?
   b) കോൺട്രാക്റ്റ് റെഗുലറൈസ് ചെയ്ത ആരെയെങ്കിലും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?
8. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗത്തിൽ സൂപ്പർവൈസറായി നിയമനം കിട്ടിയ എത്രപേർ ജോലിയിൽ പ്രവേശിക്കാതെ ഇരുന്നിട്ടുണ്ട്? അവരുടെ പേരു വിവരങ്ങൾ ആവശ്യമാണ്
   a) ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ NJD യും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഇതിന്റെ ഫയൽ നമ്പർ ആവശ്യമാണ്.
9. 2015 ഡിസംബർ മുതൽ നാളിതുവരെയായി ജനറൽ വിഭാഗം ഐ.സി.ഡി.എസ്. സൂപ്പർവൈസേഴ്സിൽ എത്രപേർ വിരമിച്ചിട്ടുണ്ട്. അവരുടെ പേര് വിവരങ്ങൾ ആവശ്യമാണ്
10. ഡിഗ്രിയുള്ള അംഗനവാടി വർക്കേഴ്സ് എന്ന വിഭാഗത്തിൽ നിലവിൽ എത്രപേർ ജോലി നോക്കുന്നുണ്ട്.?
   a. ഇതിൽ കരാർ റെഗുലറൈസ് ചെയ്ത ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ?
   b. പ്രസ്തുത വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്?. ഈ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫയൽ നമ്പറും തീയതിയും ആവശ്യമാണ്
   c. പ്രസ്തുത വിഭാഗത്തിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്രയെണ്ണം നികത്തപ്പെട്ടിട്ടുണ്ട്?